"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ നടത്തുന്ന പുസ്തകമേളയ്ക്ക് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3029/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി കോ-ഓർഡിനേറ്റർ സമർപ്പിച്ച 06.10.2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ 2026 ജനുവരി 08 മുതൽ നടത്തുന്ന പുസ്തകമേളയുടെ നടത്തിപ്പ് ചെലവിലേക്ക് പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി അഭ്യർത്ഥിച്ച് ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി സമർപ്പിച്ച അപേക്ഷ റാന്നി എം.എൽ.എ ശുപാർശ ചെയ്തു സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി 2026 ജനുവരി 08 മുതൽ നടത്തുന്ന പുസ്തകമേളയുടെ നടത്തിപ്പിന് പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 15,000/-(പതിനയ്യായിരം രൂപ മാത്രം) രൂപയും, കോയിപ്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10000/-(പതിനായിരം രൂപ മാത്രം) രൂപയും, മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും 7500/-(ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും, ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5,000/-(അയ്യായിരം രൂപ മാത്രം) രൂപയും തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 20-12-2025 16:50:20

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.